**Athmaraksha.org**

തകർച്ചയുടെ വഴികൾ

## വിവാഹമോചനം ദൈവം അനുവദിക്കുന്നില്ല




"ഇസ്രായേലിന്റെ ദൈവമായ കർത്താവ് അരുളിച്ചെയ്യുന്നു: വിവാഹമോചനത്തെ ഞാൻ വെറുക്കുന്നു" (മലാക്കി 2:16).

"ദൈവമായ കർത്താവ് അരുളിച്ചെയ്തു മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല; അവനു ചേർന്ന ഇണയെ ഞാൻ നൽകും" (ഉൽപത്തി 2:18).

"ഇക്കാരണത്താൽ പുരുഷൻ പിതാവിനെയും മാതാവിനെയും വിട്ട് ഭാര്യയോടു ചേർന്നിരിക്കും; അവർ ഇരുവരും ഏകശരീരമായിത്തീരും എന്ന് അവിടുന്ന് അരുളിച്ചെയ്തിട്ടുണ്ടെന്ന് നിങ്ങൾ വായിച്ചിട്ടില്ലേ? തൻമൂലം, പിന്നീടൊരിക്കലും അവർ രണ്ടല്ല, ഒറ്റ ശരീരമായിരിക്കും. ആകയാൽ, ദൈവം യോജിപ്പിച്ചതു മനുഷ്യൻ വേർപെടുത്താതിരിക്കട്ടെ" (മത്തായി 19:5-6).

"ഉത്തമയായ ഭാര്യ മഹത്തായ അനുഗ്രഹമാണ്; കർത്താവിനെ ഭയപ്പെടുന്നവർക്കു ലഭിക്കുന്ന ദാനങ്ങളിൽ ഒന്നാണ് അവൾ" (പ്രഭാഷകൻ 26:3). "ഭാര്യയാണ് പുരുഷന്റെ ഏറ്റവും വലിയ സമ്പത്ത്; അവന്റെ തുണയും താങ്ങും അവൾതന്നെ" (പ്രഭാഷകൻ 36:24).

"ഭാര്യമാരേ, നിങ്ങൾ കർത്താവിന് എന്നപോലെ ഭർത്താക്കൻമാർക്കു വിധേയരായിരിക്കുവിൻ എന്തെന്നാൽ, ക്രിസ്തു തന്റെ ശരീരമായ സഭയുടെ ശിരസ്സായിരിക്കുന്നതുപോലെ, ഭർത്താവ് ഭാര്യയുടെ ശിരസ്സാണ്; ക്രിസ്തുതന്നെയാണ് ശരീരത്തിന്റെ രക്ഷകനും. സഭ ക്രിസ്തുവിനു വിധേയ ആയിരിക്കുന്നതുപോലെ ഭാര്യമാർ എല്ലാ കാര്യങ്ങളിലും ഭർത്താക്കൻമാർക്കു വിധേയരായിരിക്കണം. ഭർത്താക്കൻമാരേ, ക്രിസ്തു സഭയെ സ്നേഹിക്കുകയും അവളെ വിശുദ്ധീകരിക്കാൻവേണ്ടി തന്നെത്തന്നെ സമർപ്പിക്കുകയും ചെയ്തതുപോലെ നിങ്ങൾ ഭാര്യമാരെ സ്നേഹിക്കണം" (എഫേസോസ് 5:22-25).

"ദൈവത്തിൽ പ്രത്യാശവച്ചിരുന്ന വിശുദ്ധ സ്ത്രീകൾ മുമ്പ് ഇപ്രകാരം തങ്ങളെത്തന്നെ അലങ്കരിക്കുകയും തങ്ങളുടെ ഭർത്താക്കൻമാർക്കു വിധേയരായിരിക്കുകയും ചെയ്തിട്ടുണ്ട്" (1 പത്രോസ് 3:5). "ഇങ്ങനെതന്നെ ഭർത്താക്കൻമാരേ, നിങ്ങൾ വിവേകത്തോടെ നിങ്ങളുടെ

ഭാര്യമാരോടൊത്തു ജീവിക്കുവിൻ. സ്ത്രീ ബലഹീനപാത്രമാണെങ്കിലും ജീവദായകമായ കൃപയ്ക്കു തുല്യ അവകാശിനിയെന്നനിലയിൽ അവളോടു ബഹുമാനം കാണിക്കുവിൻ. ഇതു നിങ്ങളുടെ പ്രാർഥനയ്ക്കു തടസമുണ്ടാകാതിരിക്കാൻ വേണ്ടിയാണ് "(1 പത്രോസ് 3:7).

"എല്ലാവരുടെയിടയിലും വിവാഹം മാന്യമായി കരുതപ്പെടട്ടെ. മണവറ മലിനമാകാതിരിക്കട്ടെ. കാരണം, അസൻമാർഗികളെയും വ്യഭിചാരികളെയും ദൈവം വിധിക്കും" (ഹെബ്രായർ 13:4).